# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2168 17.06.2014-ൽ മറുപടിക്ക്**

**അനധികൃത കോഴിക്കടത്ത് തടയുന്നതിന് നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ.കെ.എം.മാണി. (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ചെക്ക് പോസ്റ്റുകളിലൂടെയുള്ള അനധികൃത കോഴിക്കടത്ത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കാസർഗോഡ് ജില്ലയിലെ അനധികൃത കോഴിക്കടത്ത് തടയുന്നതിന് വേണ്ടി ഇന്റലിജൻസ് വിഭാഗത്തിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇന്റലിജൻസ് വിഭാഗത്തിലെ 6 സ്ക്വാഡുകൾക്ക് പുറമെ അസസ്മെന്റ് വിഭാഗവും ഇന്റലിജൻസ് വിഭാഗവും ഉൾപ്പെട്ടുകൊണ്ട് അഡീഷണൽ സ്ക്വാഡുകൾ ഉണ്ടാക്കി അനധികൃത കോഴിക്കടത്ത് തടയുന്നുണ്ട്. കൂടാതെ ജില്ലയിലെ ഊടുവഴികളിലൂടെയുള്ള (അതായത് നിലവിൽ ചെക്ക്പോസ്റ്റുകൾ ഇല്ലാത്ത) അനധികൃത കോഴിക്കടത്ത് അസസ്മെന്റ് വിഭാഗത്തിലെ ജീവനക്കാരെ വിന്യസിച്ച് തടയുന്നുണ്ട്. ഇന്റലിജൻസ് സ്ക്വാഡിനെ ഉപയോഗിച്ച് രാത്രികാലമുൾപ്പെടെ നിരന്തരം പരിശോധന നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | വ്യാപകമായി കോഴി കള്ളക്കടത്ത് നടത്തുന്ന വിവരം വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടും നടപടി സ്വീകരിക്കാൻ കഴിയാതെ വരുന്നതിന്റെ കാരണം വ്യക്തമാക്കുമോ? | (ബി) | കോഴി കള്ളക്കടത്ത് നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടാൽ അത് തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാറുണ്ട്. ഇന്റലിജൻസ് വിംഗിന്റേയും അസസ്മെന്റ് വിംഗിന്റേയും സഹകരണത്തോടുകൂടി സ്ക്വാഡുകൾ രൂപീകരിച്ച് ഇത്തരം കടത്ത് തടയാൻ പരമാവധി നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**